**File No.TCPKTM/301/2021-C**

*"ഭരണഭാഷ-മാതൃഭാഷ"*

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയം ഭരണ വകുപ്പ്, പ്ലാനിംഗ്-ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - കങ്ങഴ ഗ്രാമപഞ്ചായത്ത് -ഹയർ സെക്കന്ററി സ്കൂൾ (വിദ്യാഭ്യാസ) കെട്ടിട നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. ശ്രീ. ഇ. എം. ഷാഹുൽ ഹമീദ്, മാനേജർ, മുസ്ളീം ഹയർ സെക്കന്ററി സ്കൂൾ, കങ്ങഴ-യുടെ 18/12/2020, 05/03/2021, 24/6/2021 എന്നീ തീയതികളിലെ അപേക്ഷകൾ

2. ഈ കാര്യാലയത്തിലെ 05.05.2021-ലെ TCPKTM/157/2020-C കത്ത്.

3. ഈ കാര്യാലയത്തിലെ 21.01.2021-ലെ TCPKTM/559/2020-C കത്ത്.

---

ഉത്തരവ് നമ്പർ TCPKTM/301/2021-C തീയതി :**13/07/2021**

---

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കങ്ങഴ വില്ലേജിൽ, ബ്ലോക്ക് നമ്പർ 22-ൽ റീസർവ്വെ നമ്പർ 158/4-ൽ പ്പെട്ട 9620 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ 3870 ചതുരശ്ര മീറ്റർ സ്കൂൾ കെട്ടിടങ്ങളുള്ള പ്ലോട്ടിൽ പുതതായി 978.93 ചതുരശ്ര മീറ്റർ, 977.01 ചതുരശ്ര മീറ്റർ വീതം വിസ്തീർണ്ണമുള്ള രണ്ട് ബ്ലോക്ക് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും , കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ:-**

1. കെ.പി.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ-2019 ചട്ടം 5(4) - ൽ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിലുള്ള ഫയർ ആന്റ് സേഫ്റ്റി സംബന്ധിച്ച സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അനധികൃതമല്ലെന്ന് സെക്രട്ടറി ഉറപ്പവരുത്തേണ്ടതാണ്.

6. ചട്ടം 79(B) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.
7. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടുകൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും, കെട്ടിടത്തിൽ നിർമ്മിക്കുന്ന ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.
10. കെ.പി.ബി.ആർ–2019–നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി. അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

*"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ".*

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 30/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

ശ്രീ. ഇ. എം. ഷാഹുൽ ഹമീദ്, മാനേജർ,
മുസ്ലീം ഹയർ സെക്കന്ററി സ്കൂൾ, കങ്ങഴ

പകർപ്പ് : 1. സെക്രട്ടറി, കങ്ങഴ ഗ്രാമപഞ്ചായത്ത്
2. അധികം –1